## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1557** **04-07-2022 - ൽ മറുപടിയ്ക്ക്**

## എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | ഏതെല്ലാം ജില്ലകളിലാണ് പൈതൃക മ്യൂസിയം സ്ഥാപിച്ചിട്ടുള്ളതെന്നും അവ എവിടെയെല്ലാമെന്നും വ്യക്തമാക്കുമോ; | (എ) | കേരള പുരാവസ്തു വകുപ്പിന് എല്ലാ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. തൃശ്ശൂർ, എറണാകുളം, ഇടുക്കി, പാലക്കാട് ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരണം പൂർത്തിയാക്കി പൊതുജനങ്ങൾക്ക് തുറന്നു നൽകിയിട്ടുണ്ട്. തൃശ്ശൂർ ജില്ലാ പൈതൃക മ്യൂസിയം ചെമ്പുക്കാവിലുള്ള കൊല്ലങ്കോട് ഹൗസിലും, എറണാകുളം ജില്ലാ പൈതൃക മ്യൂസിയം ഫോർട്ട് കൊച്ചിയിലുള്ള ബാസ്റ്റ്യൻ ബംഗ്ലാവിലും ഇടുക്കി ജില്ലാ പൈതൃക മ്യൂസിയം കുയിലിമലയിലെ ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടത്തിലും പാലക്കാട് ജില്ലാ പൈതൃക മ്യൂസിയം കൽപ്പാത്തിയിലുള്ള മണി അയ്യർ ഓഡിറ്റോറിയത്തിലുമാണ് സജ്ജീകരിച്ചിരിക്കുന്നത്. തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി മന്ദിരത്തിൽ മലപ്പുറം ജില്ലാ പൈതൃക മ്യൂസിയവും മാനന്തവാടി പഴശ്ശികുടീരത്തിൽ വയനാട് ജില്ലാ പൈതൃക മ്യൂസിയവും തിരുവനന്തപുരം കിഴക്കേ കോട്ടയിലുള്ള ശ്രീപാദം കൊട്ടാരത്തിൽ തിരുവനന്തപുരം ജില്ലാ പൈതൃക മ്യൂസിയവും സജ്ജീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. മറ്റ് ജില്ലകളിൽ അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതാണ്. |
| (ബി) | എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ? | (ബി) | കേരള പുരാവസ്തു വകുപ്പിന് എല്ലാ ജില്ലകളിലും ജില്ലാ പൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. തൃശ്ശൂർ, എറണാകുളം, ഇടുക്കി, പാലക്കാട് ജില്ലാ പൈതൃക മ്യൂസിയങ്ങൾ സജ്ജീകരണം പൂർത്തിയാക്കി പൊതുജനങ്ങൾക്ക് തുറന്നു നൽകിയിട്ടുണ്ട്. തൃശ്ശൂർ ജില്ലാ പൈതൃക മ്യൂസിയം ചെമ്പുക്കാവിലുള്ള കൊല്ലങ്കോട് ഹൗസിലും, എറണാകുളം ജില്ലാ പൈതൃക മ്യൂസിയം ഫോർട്ട് കൊച്ചിയിലുള്ള ബാസ്റ്റ്യൻ ബംഗ്ലാവിലും ഇടുക്കി ജില്ലാ പൈതൃക |

| | | | |
|---|---|---|---|
| | | | മ്യൂസിയം കുയിലിമലയിലെ ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള കെട്ടിടത്തിലും പാലക്കാട് ജില്ലാ പൈതൃക മ്യൂസിയം കൽപ്പാത്തിയിലുള്ള മണി അയ്യർ ഓഡിറ്റോറിയത്തിലുമാണ് സജ്ജീകരിച്ചിരിക്കുന്നത്. തിരൂരങ്ങാടി ഹജ്ജൂർ കച്ചേരി മന്ദിരത്തിൽ മലപ്പുറം ജില്ലാ പൈതൃക മ്യൂസിയവും മാനന്തവാടി പഴശ്ശികുടീരത്തിൽ വയനാട് ജില്ലാ പൈതൃക മ്യൂസിയവും തിരുവനന്തപുരം കിഴക്കേ കോട്ടയിലുള്ള ശ്രീപാദം കൊട്ടാരത്തിൽ തിരുവനന്തപുരം ജില്ലാ പൈതൃക മ്യൂസിയവും സജ്ജീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. മറ്റ് ജില്ലകളിൽ അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ